# Malayala Manorama

# 14 August 2018

# Kochi: Flood Hit, Heavy rain



കനത്ത മഴയിൽ കൊച്ചി പനമ്പിള്ളി നഗറിൽ വെള്ളക്കെട്ടിലായ റോഡ്. ചിത്രം: മനോരമ

## നിർത്താതെ മഴ: നഗരം വീണ്ടും വെള്ളക്കെട്ടിൽ

കൊച്ചി • മഴ ശക്തമായതോടെ നഗരത്തിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലായി. ഇന്നലെ വൈകിട്ടോടെയാണു നഗരത്തിൽ ശക്തമായ മഴ തുടങ്ങിയത്. രാത്രി വൈകിയും തോരാത്ത മഴയെ തുടർന്നു നഗരത്തിലെ താഴ്ന്ന പ്രദേശങ്ങളിലും റോഡുകളിലും വെള്ളക്കെട്ടനുഭവപ്പെട്ടു.

എംജി റോഡ്, കെഎസ്ആർടി ബസ് സ്റ്റാൻഡ് പരിസരം, കാരിക്കാമുറി, ഉദയകോളനി, കളത്തിപ്പറമ്പ് റോഡ് എന്നീ പ്രദേശങ്ങളാണു വെള്ളത്തിലായത്.

റോഡുകളിൽ വെള്ളം ഒഴുകിപ്പോകാത്തതിനെ തുടർന്നു ഗതാഗതക്കുരുക്കും രൂക്ഷമായി. ഇന്ന് അവധിയായതിനാൽ പതിവിലും കൂടുതൽ വാഹനങ്ങൾ ഇന്നലെ രാത്രി നിരത്തിലുണ്ടായിരുന്നു.

വൈറ്റില, കുണ്ടന്നൂർ, പാലാരിവട്ടം, ഇടപ്പള്ളി ജംക്‌ഷനുകളിലും എംജി റോഡിലുമാണു ഗതാഗത തടസ്സം നേരിട്ടത്. പ്രധാന ജംക്‌ഷനുകളിൽ ഗതാഗതം മന്ദഗതിയിലായതോടെ ഇടറോഡുകളിലും വാഹനങ്ങളുടെ തിരക്കനുഭവപ്പെട്ടു.

രാത്രിയും മഴ തുടരുന്നത് ആശങ്കക്കിടയാക്കിയിട്ടുണ്ട്.